12 INTERNATIONAL DOCUMENTARY & SHORT FILM FESTIVAL OF KERALA (IDSFFK)

21 — 26 June 2019
THIRUVANANTHAPURAM

PRESS RELEASE | MEDIA CELL | പത്രക്കുറിപ്പ്

# കലയുടെ അതിർവരമ്പുകൾ ഭേദിക്കുന്ന 'ആർട്ടിസ്റ്റ്സ് സിനിമ'

- **ഡോ. സി.എസ് വെങ്കിടേശ്വരന്റെ ക്യൂറേറ്റഡ് പാക്കേജിൽ 10 കലാകാരൻമാരുടെ ചിത്രങ്ങൾ**

ചിത്രരചന, ശില്പകല, ഇൻസ്റ്റലേഷൻ, വീഡിയോ, ശബ്ദം,നാടകാവതരണം തുടങ്ങി വിവിധ കലാരംഗങ്ങളിലെ പ്രഗത്ഭരുടെ ഹ്രസ്വചിത്രങ്ങൾ പന്ത്ര ാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കും. ചലച്ചിത്ര നിരൂപകൻ ഡോ. സി.എസ് വെങ്കിടേശ്വരന്റെ ആർട്ടിസ്റ്റ്സ് സിനിമ എന്ന ക്യൂറേറ്റഡ് പാക്കേജിൽ സുദർശൻ ഷെട്ടി, ജിജി സ്കറിയ, വിപിൻ വിജയ്, അമൻ വദൻ, പാർവതി നായർ, മുരളി ചീരോത്ത്, സഹെജ് റാഹേൽ, സുമേദ് രാജേന്ദ്രൻ, റിയാസ് കോമു, മിഥു സെൻ എന്നിവരുടെ 23 ചിത്രങ്ങളാണുള്ളത്.

ഇരുപതാം നൂറ്റാ ിലെ ബോംബെ നഗരത്തിന്റെ അവശേഷിപ്പുകളെ പുതിയ കാലം കൈയടക്കുന്നതിനെ സംഗീതത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ചിത്രമാണ് സുദർശൻ ഷെട്ടിയുടെ 'വെയിറ്റിംങ് ഫോർ അദേഴ്സ് ടു അറൈവ്'. 'പാനിക് സിറ്റി', 'ഡിസ്ക്ലൈമർ', 'ലെറ്റ് ഇറ്റ് ബി', 'നോ പാരലൽ', 'പൊളിറ്റിക്കൽ റിയലിസം' എന്നിങ്ങനെ ജിജി സ്കറിയയുടെ അഞ്ച് ചിത്രങ്ങളാണ് പാക്കേജിലുള്ളത്. ജീവനുള്ള വസ്തുക്കളെ മ്യൂസിയത്തിന് സമാനമായ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നതാണ് വിപിൻ വിജയിന്റെ 'സ്മോൾ സ്കെയിൽ സൊസൈറ്റീസ്'. പോർച്ചുഗീസ് പാരമ്പര്യമുള്ള മഹാരാഷ്ട്രയിലെ കൊർലായ് ഗ്രാമത്തിന്റെ പശ്ചാത്തലത്തിലുള്ള ചിത്രമാണ് അമൻ വദന്റെ 'ലെറ്റേർസ് ഫ്രം കൊർലായ്'. 'ആൻ ഓഷ്യൻ ഇൻ എവരി കിച്ചൻ ബബിൾ', 'ബൈ ദി മൗത്ത് ഓഫ് ദി റിവർ', 'ആൻ ഓഷ്യൻ ഇൻ എവരി കിച്ചൺ ഫ്രീസ് ബോയിൽ', 'ഓഡർ' എന്നിവയാണ് പാക്കേജിലെ പാർവ്വതി നായരുടെ ചിത്രങ്ങൾ. മുരളി ചീരോത്തിന്റെ 'ദി പ്ലെഡ്ജ്', 'ഓൾഡ് സ്റ്റോറി' എന്നീ ചിത്രങ്ങളും സഹെജ് റാഹേലിന്റെ 'ഫോർറണ്ണർ', 'സരസ്', 'കറ്റാബേസിസ്', 'അന്റെബെല്ലം', 'ബാരിക്കാഡ' എന്നിവയും പാക്കേജിന്റെ ഭാഗമാണ്. തന്റെ സ്വദേശത്തേക്ക് മടങ്ങിയെത്തുന്ന ഒരാളാണ് സുമേദ് രാജേന്ദ്രന്റെ 'ഹാഫ് റിട്ടേണി'ന്റെ പ്രമേയം. റിയാസ് കോമുവിന്റെ 'ലാസ്റ്റ് വാൾ', 'മൈ ഗ്രേവ്', മിഥു സെന്നിന്റെ 'ഐ ഹാവ് ഒൺലി വൺ ലാംഗ്വേജ് അന്റ് ദാറ്റ്സ് നോട്ട് മൈൻ' എന്നിവയും പാക്കേജിലുള്ള ചിത്രങ്ങളാണ്.

കാലങ്ങളായി നിലനിൽക്കുന്ന കഥപറച്ചിൽ രീതികളെ പൊളിച്ചെഴുതുകയും ചുറ്റുമുള്ള വസ്തുക്കളിലൂടെ ആശയം സംവദിക്കാൻ ശ്രമിക്കുന്നവയുമാണ് പാക്കേജിലെ ചിത്രങ്ങൾ. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ അനുഭവങ്ങളുടെയും നിരീക്ഷണങ്ങളുടെയും ദൃശ്യാവിഷ്കാരം കൂടിയാണ് ഈ ചിത്രങ്ങൾ.